# കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

## വാർഷിക റിപ്പോർട്ട്

**2021–2022**

# ഉള്ളടക്കം

അദ്ധ്യായം


1. ആമുഖം
2. കമ്മീഷന്റെ രൂപീകരണം
3. കമ്മീഷനിലെ ഓഫീസർമാരും ജീവനക്കാരും
4. കമ്മീഷന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ
5. കമ്മീഷന്റെ പ്രവർത്തനങ്ങൾ
6. കോടതികളിലോ ട്രൈബ്യൂണലുകളിലോ കമ്മീഷനോ / കമ്മീഷനെതിരായോ ഫയൽ ചെയ്ത കേസുകൾ
7. മറ്റ് പ്രസക്ത വിവരം
8. ഉപസംഹാരം

## അദ്ധ്യായം-1
## ആമുഖം

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 18-ാം വകുപ്പ് പ്രകാരമുള്ള 2021-22 സാമ്പത്തിക വർഷത്തിലെ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ പൂർണ വിവരം നൽകുന്ന വാർഷിക റിപ്പോർട്ടാണിത്. 01-04-2021 മുതൽ 31-03-2022 വരെയുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ റിപ്പോർട്ട് കമ്മീഷന്റെ ഒമ്പതാമത് വാർഷിക റിപ്പോർട്ടാണ്. 01.04.2020 മുതൽ 31.03.2021 വരെയുള്ള കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച എട്ടാമത് വാർഷിക റിപ്പോർട്ട് 2021 ഒക്ടോബർ മാസം സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്.

കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടിയാണ് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ളത്. എന്നാൽ 2013 മേയ് 15-ാം തീയതി 'കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ്' സർക്കാർ പുറപ്പെടുവിച്ചിരുന്നതിനാൽ മേൽപറഞ്ഞ ആക്ട് 2013 മേയ് 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, ജൈന, പാർസി എന്നീ മതങ്ങളിൽപെട്ടവരാണ് ഇന്ത്യയിലെ മത ന്യൂനപക്ഷങ്ങൾ. കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ വികസനങ്ങളിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, അവരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി ഭരണഘടനയിലും മറ്റ് നിയമങ്ങളിലും ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതി അന്വേഷിക്കുകയും നിരീക്ഷണ വിധേയമാക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെ കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും അതുസംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്യുകയും സർക്കാരിന് റിപ്പോർട്ട് നൽകുകയും അവ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുകയും സെമിനാറുകൾ, സിമ്പോസിയം, ബോധവത്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, വിവിധ തൊഴിൽദാന പദ്ധതികളിലും സാമൂഹ്യ വികസന പദ്ധതികളിലും ന്യൂനപക്ഷങ്ങൾക്ക് ജനസംഖ്യാനുപാതികമായ പങ്ക് ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക എന്നിവയാണ് കമ്മീഷൻ നിർവ്വഹിക്കേണ്ട പ്രധാന ചുമതലകൾ.

## അദ്ധ്യായം-2
## കമ്മീഷന്റെ രൂപീകരണം

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട് 3(2) വകുപ്പ് പ്രകാരം കമ്മീഷനിൽ ഒരു ചെയർ പേഴ്സൺ, ഒരു അംഗം, ഒരു വനിത എന്നിവർ അംഗങ്ങൾ ആയി ഉണ്ടായിരിക്കേണ്ടതാണ്. ടി ആക്ടിലെ 4(1) വകുപ്പ് പ്രകാരം ഓരോ അംഗത്തിനും ഔദ്യോഗിക ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷം പൂർത്തിയാകുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതാണ്. നിലവിലെ കമ്മീഷനിൽ ചെയർമാനും വനിത അംഗവും 05.10.2016 തീയതി ചുതലയേൽക്കുകയും 04.10.2019-ൽ 3 വർഷത്തെ കാലാവധി പൂർത്തിയാക്കുകയും തുടർന്ന് 05.10.2019 മുതൽ 3 വർഷത്തേക്ക് കൂടി അവരുടെ കാലാവധി സർക്കാർ ദീർഘിപ്പിച്ചു നൽകി ഉത്തരവാകുകയും ചെയ്തു. മറ്റൊരു അംഗം 15.05.2017 തീയതി ചുമതലയേൽക്കുകയും 14.05.2020-ൽ 3 വർഷക്കാലാവധി പൂർത്തിയാക്കുകയും തുടർന്ന് 05.06.2020 തീയതിയിൽ ടി മെമ്പറെ കമ്മീഷൻ അംഗമായി നിയമിച്ച് ഉത്തരവാകുകയും അന്നേ ദിവസം തന്നെ ചുമതലയേൽക്കുകയും ചെയ്തു. നിലവിലെ കമ്മീഷനിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

| | | |
|---|---|---|
| 1. ശ്രീ.പി.കെ. ഹനീഫ | : | ചെയർമാൻ |
| 2. അഡ്വ. ബിന്ദു എം തോമസ് | : | അംഗം |
| 3. അഡ്വ.മുഹമ്മദ് ഫൈസൽ | : | അംഗം |

## അദ്ധ്യായം-3
## കമ്മീഷനിലെ ഓഫീസർമാരും ജീവനക്കാരും

ആക്ടിലെ 3(3) വകുപ്പ് പ്രകാരം ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ കമ്മീഷന്റെ മെമ്പർ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കും. കമ്മീഷൻ അതിന്റെ ഉത്തരവ് മുഖേന അധികാരപ്പെടുത്തിയേക്കാവുന്ന വിധത്തിലുള്ള അധികാരങ്ങൾ മെമ്പർ സെക്രട്ടറി വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതും ആകുന്നു.

തിരുവനന്തപുരം, ശാസ്തമംഗലം, റ്റി. സി. 9/1023 (2), 'ആഞ്ജനേയ' എന്ന കെട്ടിടത്തിലെ ഒന്നാം നിലയിൽ കമ്മീഷൻ പ്രവർത്തിച്ചു വരുന്നു. കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും താഴെ പറയുന്നവരാണ്.

| ക്രമ നം | പേര് | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | ശരത് ചന്ദ്രൻ സി.എസ് (01/04/2021 - 04/05/2021 വരെ) | മെമ്പർ സെക്രട്ടറി | 1 | 1,23,700-1,66,800 |
| | മിനിമോൾ വി.ജി (05/05/2021 മുതൽ റിപ്പോർട്ട് കാലയളവിൽ തുടർന്നു) | | | |
| 2 | അബ്ദുൾ മജീദ് കക്കോട്ടിൽ (01/04/2021 - 28/06/2021 വരെ) | രജിസ്ട്രാർ | 1 | 1,18,100-1,63,400 |
| | ദിലീപ് കുമാർ റ്റി.ഐ (29/06/2021 - 02/03/2022 വരെ) | | | |
| | സുരേഷ് കുമാർ.എസ് (03/03/2022 മുതൽ തുടരുന്നു) | | | |
| 3 | തുഷാര ജോർജ്ജ് (01/04/2021 - 30/03/2022 വരെ) | ഫിനാൻസ് ഓഫീസർ | 1 | 95,600-1,53,200 |
| 4 | അരുൺ എം.എസ് (1/04/2021 മുതൽ 22/07/2021 വരെ) | സെക്ഷൻ ഓഫീസർ | 1 | 56,500-1,18,100 |
| | നൗഷാദ്. എം (06/09/2021 മുതൽ റിപ്പോർട്ട് കാലയളവിൽ തുടർന്നു) | | | |
| 5 | പ്രവീൺ. പി (01/04/2021 - 29/07/2021 വരെ) | അസിസ്റ്റന്റ് | 2 | 45,600-95,600 |
| | ജിതേഷ് എസ്.വി (01/04/2021 - 04/05/2021 വരെ) | | | |
| | അലക്സ് ജി.സി (01/07/2021 മുതൽ റിപ്പോർട്ട് കാലയളവിൽ തുടർന്നു) | | | |
| | ബൈജു. ബി (01/09/2021 മുതൽ റിപ്പോർട്ട് കാലയളവിൽ തുടർന്നു) | | | |

| | | | | |
|---|---|---|---|---|
| 6 | അശ്വതി. എസ്<br>(03/11/2021 മുതൽ റിപ്പോർട്ട് കാലയളവിൽ തുടർന്നു) | ജൂനിയർ അസിസ്റ്റന്റ് / ലോവർ ഡിവിഷൻ ക്ലാർക്ക് | 2 | 26,500-60,700 |
| | രാഖി ആർ.സി<br>(03/11/2021 മുതൽ റിപ്പോർട്ട് കാലയളവിൽ തുടർന്നു) | | | |
| 7 | | ചെയർമാന്റെ പേഴ്സണൽ അസിസ്റ്റന്റ് | 1 | കോൺട്രാക്ട് / ദിവസ വേധനം |
| 8 | | ഓഫീസ് അറ്റൻഡന്റ് കം-ഡ്രൈവർ | 2 | കോൺട്രാക്ട് / ദിവസ വേധനം |
| 9 | | പാർട്ട് ടൈം സ്വീപ്പർ | 1 | 8000 (കൺസോളിഡേറ്റഡ്) |

## അദ്ധ്യായം 4

## കമ്മീഷന്റെ വർഷിക വരവ് ചെലവ് കണക്കുകൾ

*(ഓഡിറ്റ് ചെയ്യാത്തത്)*

ഫാറം നം. IV
ചട്ടം II കാണുക
(കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ, 2020)
കണക്കുകളുടെ പ്രസ്താവം

| | | |
|---|---|---|
| 1 | വർഷം | 2021-22 |
| 2 | അക്കൗണ്ട് ശീർഷകം | 2225-04-102-91 |
| 3 | നടപ്പു വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് | 18825000 |
| 4 | നടപ്പു വർഷം ഗ്രാന്റായി ലഭിച്ച ആകെ തുക | 20811780 |
| 5 | ചെലവ് | 21105111 |
| 6 | ശമ്പളവും ബത്തകളും | 20147798 |
| 7 | യാത്രാ ബത്ത/ദിന ബത്ത | 5100 |
| 8 | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | - |
| 9 | വാടക, വൈദ്യുതി, വെള്ളം | 618960 |
| 10 | ഇന്ധനച്ചെലവ് | 132210 |
| 11 | സ്റ്റേഷനറി/ഫർണിച്ചർ വാങ്ങിയതിനുള്ള ചെലവ് | 26822 |
| 12 | ഇതര ഓഫീസ് ചെലവുകൾ | 174221 |
| 13 | **ആകെ** | **21105111** |
| 14 | കമ്മീഷന്റെ കൈവശം നീക്കിയിരുപ്പ് / കമ്മി എന്നിവ ഉണ്ടെങ്കിൽ * | 2468870 |

***മുൻ വർഷത്തെ നീക്കിയിരുപ്പ് 27,62,201/- രൂപ ഉൾപ്പടെ***

## അദ്ധ്യായം-5
## കമ്മീഷന്റെ പ്രവർത്തനങ്ങൾ

### 5.1. കമ്മീഷൻ യോഗങ്ങൾ

കമ്മീഷൻ ആക്ടിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ചെയർമാന് യുക്തമെന്ന് കരുതുന്ന സമയത്തും സ്ഥലത്തും, ആവശ്യമായി വരുമ്പോഴെല്ലാം കമ്മീഷൻ യോഗം ചേരാൻ നിർദ്ദേശിക്കുന്നുണ്ട്. ചുരുങ്ങിയത് മൂന്നു മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരുവാനും നിഷ്കർഷിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ (01.04.2021 മുതൽ 31.03.2022 വരെ) **10 (പത്ത്)** തവണ കമ്മീഷൻ യോഗം ചേർന്നിട്ടുണ്ട്.

### 5.2. കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത പരാതികൾ

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 9-ാം വകുപ്പിൽ പറയുന്ന ചുമതലകൾ നിർവഹിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്. ന്യൂന പക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്ന ങ്ങളെ കുറിച്ച് സെമിനാറുകൾ കമ്മീഷൻ സംഘടിപ്പിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തി കവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുത്തു ന്നതിനെക്കുറിച്ചുള്ള ധാരാളം പരാതികൾ കമ്മീഷൻ മുമ്പാകെ വരികയും ടി പരാതികളിൽ അന്വേഷണം നടത്തി പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 കാലയളവിൽ 169 പരാതികൾ കമ്മീഷ ന് ലഭിച്ചു. ലഭിച്ച പരാതികളുടെയും തീർപ്പാക്കിയ പരാതികളുടെയും പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 1

**കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത പരാതികൾ**

| വർഷം | ഫയൽ ചെയ്ത പരാതികൾ | തീർപ്പാക്കിയ പരാതികൾ |
|---|---|---|
| 2021-22 | 169 | 109 |

മുൻ വർഷങ്ങളിൽ തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്ന പരാതികളിലും പരിഹാര നടപടികൾ നിർദ്ദേ ശിക്കുകയും ടി പരാതികൾ പരമാവധി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

പട്ടിക 2

| | |
|---|---|
| മുൻ വർഷങ്ങളിൽ ശേഷിച്ചവയിൽ തീർപ്പാക്കിയ പരാതികൾ | 32 |

പട്ടിക 3

**പരാതി സമർപ്പിച്ചവരുടെ മതം അടിസ്ഥാനമാക്കിയുള്ള പരാതി വിവരങ്ങൾ**

| വർഷം | ആകെ ലഭിച്ച പരാതികൾ | മുസ്‌ലിം | ക്രിസ്ത്യൻ | ബുദ്ധ | ജൈന | മറ്റുള്ളവ |
|---|---|---|---|---|---|---|
| 2021-22 | 169 | 106 | 56 | 01 | 0 | 06 |

പട്ടിക 4

**പരാതി സമർപ്പിച്ചവരുടെ ലിംഗാധിഷ്ഠിത തരംതിരിവ്**

| വർഷം | ആകെ ലഭിച്ച പരാതികൾ | പരാതി സമർപ്പിച്ചവർ | | മറ്റുള്ളവ (സംഘടനകൾ/ സ്ഥാപനങ്ങൾ/ സ്വമേധയാ) |
|---|---|---|---|---|
| | | പുരുഷൻമാർ | സ്ത്രീകൾ | |
| 2021-22 | 169 | 90 | 74 | 05 |

പട്ടിക 5
പരാതിയിലെ വിഷയം

| ക്രമം | പരാതി | എണ്ണം |
|---|---|---|
| 1 | മതപരമായ അവകാശ സംരക്ഷണം | 12 |
| 2 | ജീവനും സ്വത്തിനും സംരക്ഷണം | 22 |
| 3 | പോലിസ് അതിക്രമം | 29 |
| 4 | സാമ്പത്തിക അവകാശം | 22 |
| 5 | തൊഴിൽപരമായ സംഗതികൾ | 7 |
| 6 | വിദ്യാഭ്യാസം/സ്കോളർഷിപ്പ് | 15 |
| 7 | സർവ്വീസ് കാര്യങ്ങൾ | 42 |
| 8 | മറ്റുള്ളവ | 20 |
| | ആകെ | 169 |

കമ്മീഷന്റെ പ്രവർത്തനത്തെ പൊതുവിൽ മൂന്ന് വിഭാഗങ്ങളായി തിരിക്കാം.

1) പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ
2) സ്വമേധയാ സ്വീകരിക്കുന്ന നടപടികൾ
3) പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മീഷൻ നടത്തുന്ന സ്ഥല സന്ദർശനങ്ങൾ/ ജില്ലാതല യോഗങ്ങൾ

## 5.3 കമ്മീഷന്റെ തീരുമാനങ്ങൾ

കമ്മീഷന് ലഭിക്കുന്ന പരാതികളിന്മേൽ കമ്മീഷൻ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും അതു സംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്തുവരുന്നു.

റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ പരിഗണിച്ച ചില പ്രധാന ഹർജികളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

### 5.3.1 വില്ലേജ് ഓഫീസുകൾ മുഖാന്തിരം മൈനോറിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

ഹർജിക്കാരൻ (അഡ്വ. ജോളി ജോർജ്ജ്, തോട്ടാനിൽ, മൂവാറ്റുപുഴ, രാമമംഗലം, കിഴുമുറി പി.ഒ, എറണാകുളം - 686 663), തന്റെ മകളുടെ തുടർപഠനാവശ്യത്തിലേക്കായി കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അക്ഷയസെന്റർ വഴി അപേക്ഷ അയക്കുവാൻ ശ്രമിച്ചപ്പോൾ കേരള സർക്കാരിന്റെ ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ നിന്ന് വില്ലേജ് ഓഫീസുകളിലേക്ക് ക്രിസ്ത്യൻ സമുദായത്തിൽപെട്ടവർക്ക് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുവാൻ സാധ്യമല്ലാത്ത വിധത്തിൽ ഇ-ഡിസ്ട്രിക്ട് പോർട്ടൽ ക്രമീകരിച്ചിരിക്കുന്നതായി മനസിലാക്കിയതായും, വില്ലേജ് ഓഫീസിൽ അന്വേഷിച്ചപ്പോൾ ക്രിസ്ത്യൻ മൈനോറിറ്റി സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസുകളിൽ നിന്നും നൽകുവാൻ ഉത്തരവുകളൊന്നും ഇല്ലെന്നും തഹസിൽദാരാണ് ക്രിസ്ത്യൻ മൈനോറിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതെന്നും അറിയിച്ചെന്നും ആയതിനാൽ ക്രിസ്ത്യൻ മൈനോറിറ്റി സർട്ടിഫിക്കറ്റ് വില്ലേജിൽ നിന്ന് ഓൺലൈനായി ലഭ്യമാക്കുവാൻ വേണ്ട നടപടി കമ്മീഷൻ സ്വീകരിക്കണമെന്നുമാണ് ഹർജിയിലെ (എം.സി.ഒ.പി നം.80/2021) ആവശ്യം.

2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടങ്ങൾ 8,9 പ്രകാരം ന്യൂനപക്ഷ സമുദായത്തിൽ പെട്ട ഏതൊരു വ്യക്തിക്കും സമുദായസർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അർഹതയുള്ളതാണ്, ആയതിനാൽ കേരള സംസ്ഥാനത്തിനകത്തെ ആവശ്യങ്ങൾക്കായി കേരളത്തിലെ വില്ലേജ് ഓഫീസുകളിൽ നിന്നുള്ള മൈനോറിറ്റി സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന് ചില അധികാരികൾ നിർബന്ധിക്കുന്നതിനാൽ വില്ലേജ് ഓഫീസർക്ക് ഇ-പോർട്ടലിൽ മൈനോറിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ മാറ്റങ്ങൾ വരുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പിന് സംസ്ഥാന ചീഫ് സെക്രട്ടറി നൽകേണ്ടതാണ് എന്ന് നിർദ്ദേശിച്ച് ഉത്തരവായി.

**5.3.2 സെപ്റ്റിക് ടാങ്കിന്റെ അശാസ്ത്രീയമായ നിർമ്മിതി കാരണം കിണർ മലിനപ്പെടുന്നത് സംബന്ധിച്ച്.**

ശ്രീമതി. റാബിയ, മാങ്ങോടൻ വീട്, വഴിക്കടവ് പി.ഒ, നിലമ്പൂർ, മലപ്പുറം ജില്ല- 679 333, ടിയാരിയുടെ ഉടമസ്ഥതയിലുള്ള വഴിക്കടവ് വില്ലേജിലെ സർവ്വേ നമ്പർ 1186/2-A112- ൽ 7 സെന്റ് വസ്തുവിൽ വീടു പണി ആരംഭിക്കുന്നതിന്റെ ഭാഗമായി കിണർ കുഴിച്ചപ്പോൾ അയൽ വസ്തുവിൽ പണിതിട്ടുള്ള സെപ്റ്റിക് ടാങ്കിൽ നിന്നും മാലിന്യം കലർന്ന് കിണറ്റിലെ വെള്ളം മലിനമാകുന്നു എന്നും കോഴിക്കോട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറിയിൽ വെള്ളം പരിശോധിച്ചപ്പോൾ കോളിഫാം ബാക്ടീരിയയും നൈട്രേറ്റും കൂടുതലാണെന്ന് കാണിച്ചുള്ള റിസൾട്ട് ലഭിച്ചു എന്നും സെപ്റ്റിക്ക് ടാങ്കിന്റെ അശാസ്ത്രീയമായ നിർമ്മാണമാണ് കുടിവെള്ള സ്രോതസ് മലിനമാക്കാനിടയാക്കുന്നതെന്നും വഴിക്കടവ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കും മറ്റും പരാതി നൽകിയിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ഈ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് കമ്മീഷനിൽ ലഭിച്ച ഹർജിയിലെ (എം.സി.ഒപി നം. 127/2021) ആവശ്യം.

വഴിക്കടവ് പഞ്ചായത്തിന്റെ പരിശോധനയിൽ എതൃകക്ഷി അൻവറിന്റെ കെട്ടിടത്തിന്റെ സെപ്റ്റിക് ടാങ്ക് കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അകലം പാലിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. അതേസമയം, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എൻവിയോൺമെന്റൽ എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിൽ എതൃകക്ഷിയായ അൻവറിന്റെ ക്വാർട്ടേഴ്സിലെ സെപ്റ്റിക് ടാങ്ക് ശാസ്ത്രിയമായിട്ടല്ല നിർമ്മിച്ചിട്ടുള്ളതെന്നും ആയതിനാൽ ചില പരിഹാര നിർദ്ദേശങ്ങൾ പാലിക്കാൻ അൻവറിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചതിനാൽ കമ്മീഷൻ ചുവടെ പറയും വിധം പരിഹാര നടപടികൾ നിർദ്ദേശിക്കുകയുണ്ടായി:

മലിനീകരണ നിയന്ത്രണ ബോർഡ് എൻവിയോൺമെന്റൽ എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ആക്ടും ചട്ടങ്ങളും പ്രകാരമുള്ള നടപടികൾ വഴിക്കടവ് പഞ്ചായത്ത് സെക്രട്ടറി അടിയന്തിരമായി സ്വീകരിക്കണം. കെട്ടിടത്തിന്റെ സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിലെ ന്യൂനതകൾ സമയപരിധിക്കുള്ളിൽ പരിഹരിക്കാത്തപക്ഷം മൂന്നാം എതൃകക്ഷി അൻവറിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കണം.

**5.3.3 സെന്റ് മേരീസ് ഇടവകപള്ളിയോട് ചേർന്നുള്ള സ്ഥലത്ത് ശ്മശാനം അനുവദിക്കുന്നത് സംബന്ധിച്ച്.**

മലപ്പുറം ജില്ലയിലെ വഴിക്കടവ് മരുത സെന്റ് മേരീസ് ദേവാലയത്തിനോടനുബന്ധിച്ച് ഇടവക അംഗങ്ങൾക്കായി സെൽടൈപ്പ് കോൺക്രീറ്റ് ശ്മശാനം നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ടവർക്ക് നൽകിയ അപേക്ഷയിന്മേൽ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ടെന്നും എന്നാൽ ഗ്രാമപഞ്ചായത്ത് പത്രപരസ്യം നൽകിയപ്പോൾ സമീപ പ്രദേശത്ത് താമസിക്കുന്ന മൂന്ന് വീട്ടുകാർ നിയമാനുസൃതമായ ദൂരപരിധി ഇല്ലെന്ന വ്യാജ പരാതി നൽകുകയും അടിസ്ഥാനമില്ലാത്ത പരാതികൾ നിരന്തരം നൽകി തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നതായും ഇടവകപള്ളിയോട് ചേർന്നുള്ള സ്ഥലത്ത് ശ്മശാനം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണമെന്നും പള്ളിവികാരി നൽകിയ ഹർജിയിൽ (എം.സി.ഒപി നം. 271/2019) ആവശ്യപ്പെട്ടിരുന്നു.

ഈ വിഷയത്തിൽ വഴിക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും, മലപ്പുറം ജില്ലാ കളക്ടറുടെയും റിപ്പോർട്ടുകൾ പരിശോധിച്ചതിൽ മരുത സെന്റ് മേരീസ് ദേവാലയം സ്ഥിതി ചെയ്യുന്ന 0.2206 ഹെക്ടർ സ്ഥലത്തിൽ 0.0678 ഹെക്ടർ സ്ഥലത്തിന്റെ അവകാശവുമായി ബന്ധപ്പെട്ട് സമീപവാസിയായ വിശ്വനാഥൻ എന്നയാൾ പള്ളികമ്മിറ്റിക്കെതിരെ മഞ്ചേരി മുൻസിഫ് കോടതിയിൽ O.S 1/2016-ാം നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതായി കാണപ്പെട്ടു. ആയതിനാൽ നിലവിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി സെന്റ് മേരീസ് ദേവാലയത്തിന്റെ കൈവശത്തിലുള്ള തർക്കമില്ലാത്ത സ്ഥലത്ത് (O.S 1/2016-ാം നമ്പർ കേസിൽ ഉൾപ്പെടാത്ത സ്ഥലത്ത്) സെമിത്തേരി നിർമ്മിക്കാൻ സാധിക്കുമോ എന്ന് ജില്ലാ കളക്ടർ സ്ഥലം പരിശോധിച്ച് തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവായി.

**5.3.4 എറണാകുളം കോട്ടപ്പടിയിലെ പ്ലാമുടി പ്രദേശവാസികളെ വന്യമൃഗ ശല്യത്തിൽ നിന്നും സംരക്ഷിക്കേണ്ടതും പുലിയുടെ ആക്രമണത്തിന് ഇരയായ വ്യക്തിയുടെ ചികിത്സാ ചെലവ് സർക്കാർ ഏറ്റെടുക്കുന്നതും സംബന്ധിച്ച്.**

എറണാകുളം ജില്ലയിലെ കോട്ടപ്പടി പ്ലാമുടി എന്ന പ്രദേശത്ത് വന്യമൃഗശല്യം അതിരൂക്ഷമാണെന്നും ഹർജിക്കാരന്റെ ഇടവാകാംഗമായ റോസി മാത്യൂ എന്ന വ്യക്തിയെ പുലി ആക്രമിച്ചു എന്നും കാട്ടാനകളുടെ നിരന്തര സാന്നിദ്ധ്യം മേൽപറഞ്ഞ പ്രദേശത്തുള്ളതുകൊണ്ട് കുട്ടികൾക്കും മുതിർന്നവർക്കും പുറത്തുപോവാൻ

സാധിക്കാത്ത സാഹചര്യമാണെന്നും വന്യമൃഗശല്യത്തിൽ നിന്നും സംരക്ഷണം ലഭിക്കണമെന്നും പരിക്കേറ്റ വ്യക്തിയുടെ ചികിത്സ ചെലവ് സർക്കാർ വഹിക്കണമെന്നും ആവശ്യപ്പെട്ടാണ് കോട്ടപ്പടി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലെ ഫാ. റോബിൻ പടിഞ്ഞാറേക്കുറ്റ് കമ്മീഷൻ മുമ്പാകെ ഹർജി (എം.സി.ഒപി നം. 161/2021) സമർപ്പിച്ചിരുന്നത്. എതൃകക്ഷിയായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിൽ മേയ്ക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന പ്ലാമുടി തുടങ്ങിയ പ്രദേശങ്ങളിൽ 2021 ഒക്ടോബറിൽ വളർത്തു മൃഗങ്ങളെ പുലി പിടികൂടിയ സംഭവം ഉണ്ടായപ്പോൾ, പുലിയെ പിടികൂടുന്നതിനും ജനങ്ങളുടെ ഭീതി അകറ്റുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ടെന്നും അതിന്റെ ഭാഗമായി കൂടുകൾ സ്ഥാപിക്കുകയും ട്രാപ് ക്യാമറകൾ സ്ഥാപിക്കുകയും ഡ്രോൺ ക്യാമറ ഉപയോഗിച്ച് നിരീക്ഷണം നടത്തുകയും സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സും ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫും നിരന്തര പട്രോളിംഗ് നടത്തിവരികയും സോളാർ ഫെൻസിംഗുകൾ സ്ഥാപിക്കുകയും ചെയ്തതായും, ചികിത്സ സംബന്ധിച്ച അസ്സൽ ബില്ലുകൾ ബന്ധപ്പെട്ട ഓഫീസിൽ ആക്രമണത്തിനിരയായ വ്യക്തി സമർപ്പിക്കാത്തതുകൊണ്ടാണ് നഷ്ടപരിഹാരം ലഭ്യമാകാതിരുന്നതെന്നും അസ്സൽ ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും, വന്യജീവി - മനുഷ്യ സംഘർഷം ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേയ്ക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന വന്യമൃഗശല്യം നിലനിൽക്കുന്ന പ്ലാമുടി എന്ന പ്രദേശത്ത് ജനങ്ങളുടെ ഭീതി അകറ്റുന്നതിന് നിരന്തരം നിരീക്ഷണവും പട്രോളിംഗും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സ്വീകരിക്കേണ്ടതാണെന്നും പുലിയുടെ ആക്രമണത്തിനിരയായ വ്യക്തിയുടെ ചികിത്സ സംബന്ധിച്ച അസ്സൽ ബില്ലുകൾ ടിയാൾ ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിക്കേണ്ടതാണെന്നും അപ്രകാരം സമർപ്പിച്ചാൽ ടിയാൾക്ക് വേഗത്തിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനു വേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതൃകക്ഷി നൽകേണ്ടതുമാണെന്ന് നിർദ്ദേശിച്ച് ഉത്തരവായി.

**5.3.5 വേങ്ങര ഗ്രാമപഞ്ചായത്തിലെ തട്ടാഞ്ചേരിമല പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയ്ക്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്.**

വേങ്ങര പഞ്ചായത്തിലെ പാണ്ടികശാല തട്ടാഞ്ചേരിമല കുടിവെള്ള പദ്ധതിക്ക് ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ നിന്നും 35 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കിണർ, ടാങ്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചതായും പദ്ധതിയുടെ ബാക്കി ഘടകങ്ങളായ പ്രഷർ ഫിൽറ്റർ, പമ്പ്സെറ്റ്, പമ്പിങ് മെയിൻ വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തി പൂർത്തീകരിക്കുവാനായി 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റി ന്യൂനപക്ഷ ക്ഷേമ വകുപ്പിന് നൽകിയിരുന്നുവെങ്കിലും നാളിതുവരെ ഫണ്ട് ലഭിച്ചിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിക്കാരൻ (ശ്രീ. യൂസുഫലി വലിയോറ, മെമ്പർ, വാർഡ് 17 ( പണ്ടികശാല), വേങ്ങര ഗ്രാമപഞ്ചായത്ത്, വേങ്ങര പി.ഒ) ഹർജിയിൽ (എം.സി.ഒപി നം. 64/2021) ആവശ്യപ്പെട്ടിരുന്നു.

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, ന്യൂനപക്ഷക്ഷേമ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ വേങ്ങര പഞ്ചായത്തിലെ പാണ്ടികശാല തട്ടാഞ്ചേരിമല കുടിവെള്ള പദ്ധതിയുടെ ബാക്കി ഘടകങ്ങളായ പ്രഷർ ഫിൽറ്റർ, പമ്പ്സെറ്റ്, പമ്പിങ് മെയിൻ വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാക്കി ന്യൂനപക്ഷ ക്ഷേമ ഡയറക്ടർക്ക് സമർപ്പിച്ച 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് അടിയന്തിര നടപടികൾ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവായി.

**5.3.6 പോലീസുകാർ കസ്റ്റഡിയിലെടുത്ത കാർ വിട്ടുനൽകണമെന്നത് സംബന്ധിച്ച്.**

ഹർജിക്കാരിയുടെ (ശ്രീമതി മുംതാസ്, ബിസ്നിമാ മൻസിൽ, മഞ്ഞാടിത്തറ, പള്ളിക്കൽ പി.ഒ ആലപ്പുഴ ജില്ല- 690 503) മകൻ വാടകയ്ക്ക് കൊടുത്ത കാറിൽ നിന്നും കഞ്ചാവ് പിടിച്ചെടുത്തെന്നും തുടർന്ന് സി.ഐ.യും മറ്റും ടിയാനെ അന്വേഷിച്ച് പരാതിക്കാരിയുടെ മകളുടെ വീട്ടിലും മറ്റും ചെന്ന് പ്രശ്നമുണ്ടാക്കുന്നു എന്നും പിന്നീട് ടിയാരിയുടെ ഭർത്താവിന്റെ സ്വിഫ്റ്റ് കാർ പിടിച്ചെടുത്തുവെന്നും ആയതിനാൽ ടി സി.ഐയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നും പിടിച്ചെടുത്ത സ്വിഫ്റ്റ് കാർ വിട്ടുനൽകണമെന്നുമാണ് ഹർജിയിൽ (എം.സി.ഒപി നം. 79/2021) ആവശ്യപ്പെട്ടിരിക്കുന്നത്. ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് പരിശോധിച്ചതിൽ ഹർജിക്കാരിയുടെ മകൻ ഉൾപ്പെട്ട കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥൻ തന്നെ ഹർജിയിലും അന്വേഷണം നടത്തിയിട്ടുള്ളതായി കാണപ്പെട്ടു. ആയതിനാൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച

പരാതിയിലെ ആരോപണങ്ങളെ പറ്റി ആലപ്പുഴ ജില്ലാ പോലീസ് മേധാവി നേരിട്ട് അന്വേഷണം നടത്തി മൂന്ന് മാസത്തിനുള്ളിൽ വിശദമായ അന്വേഷണ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവായി.

**5.3.7 അക്ഷയ സെന്ററിന്റെ വാടക കുടിശ്ശിക ഒഴിവാക്കുന്നതും വാടക കരാർ പുതുക്കുന്നതും സംബന്ധിച്ച്.**

ശ്രീമതി ആശാ ആനന്ദ്, നന്ദനം, കണ്ണമ്പള്ളി, നാറാണംമൂഴി പി.ഒ, പത്തനംതിട്ട ജില്ല - 689 711, എന്നയാൾ നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ നടത്തി വരുന്ന അക്ഷയ സെന്ററിന്റെ വാടക കുടിശ്ശിക പ്രളയം, കോവിഡ്, മഹാമാരി തുടങ്ങിയ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഒഴിവാക്കി നൽകണമെന്നും വാടക കരാർ പുതുക്കുന്നതിന് അനുവദിക്കണമെന്നും ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ് ഹർജിയിൽ (എം.സി.ഒപി നം. 94/2021) ആവശ്യപ്പെട്ടിരുന്നത്. പഞ്ചായത്ത് ഡയറക്ടറുടേയും, നാറാണംമൂഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും റിപ്പോർട്ടുകൾ പരിശോധിച്ച കമ്മീഷൻ, ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പരാതിയിലെ ആവശ്യങ്ങൾ 1998-ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ പ്രകാരം പരിശോധിച്ച് ടിയാരിക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായി.

**5.3.8 ബന്ധുക്കളിൽ നിന്നുള്ള ആക്രമണത്തിനെതിരെ നടപടിയും ജീവന് സംരക്ഷണവും ആവശ്യപ്പെട്ട ഹർജി.**

ഹർജിക്കാരനായ പത്തനംതിട്ട ഉതിമൂട് മേക്കൊഴൂർ മുറിയിൽ ആഴക്കാട്ടിൽ വീട്ടിൽ ശ്രീ. തോമസ് എബ്രഹാമിനെ ടിയാന്റെ അമ്മയുടെയും സഹോദരിമാരുടെയും അറിവോടെ ദേഹോപദ്രവം ഏൽപ്പിച്ച് മാനസികാരോഗ്യ ചികിത്സയ്ക്ക് വിധേയനാക്കിയെന്നും ഒന്നാം എതൃകക്ഷി (എ.ജി എബ്രഹാം) ഹർജിക്കാരനെ വധിക്കാൻ ശ്രമിക്കുകയാണെന്നും, വീടുകയറി ആക്രമിക്കുകയും മുഖത്ത് ആസിഡ് ഒഴിക്കുകയും ചെയ്തു എന്നും ടി വിവരം സംബന്ധിച്ച് ഗവ. ആശുപത്രിയിൽ നിന്ന് അറിയിപ്പ് കൊടുത്തിട്ടും പോലീസ് നടപടി സ്വീകരിച്ചില്ലായെന്നും ആയതിനാൽ കമ്മീഷൻ എതൃകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിയിലെ (എം.സി.ഒപി നം. 69/2021) ആവശ്യം.

ഹർജിക്കാരന്റെ പരാതിയിലെ ആരോപണങ്ങൾ പത്തനംതിട്ട ജില്ലയ്ക്ക് പുറത്തുള്ള എസ്.പി.റാങ്കിലുള്ള ഉദ്യോഗസ്ഥൻ നേരിട്ട് അന്വേഷണം നടത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചതിനെ തുടർന്ന് കൊല്ലം റൂറൽ പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരൻ വീട്ടിൽ വഴക്കുണ്ടാക്കുന്നു എന്ന കാരണത്താൽ ആയതിന് നിയമപരമായ നടപടികൾ സ്വീകരിക്കാതെ എതൃകക്ഷികൾ ടിയാളെ ബലമായി മാനസികരോഗ ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സിക്കുകയും മരുന്നുകൾ കഴിപ്പിക്കുകയും ചെയ്ത വിഷയത്തിലും, പത്തനംതിട്ട ജനറൽ ഹോസ്പിറ്റലിലെയും മലയാലപ്പുഴ പോലീസ് സ്റ്റേഷനിലേയും ഇന്റിമേഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഹർജിക്കാരനു നേരെയുള്ള ആസിഡ്- അറ്റാക്ക് സംഭവത്തിലും വേണ്ട നിയമനടപടികൾ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവായി.

**5.3.9 ക്രിസ്ത്യൻ മുതുവാൻ എന്ന പേരിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നത് സംബന്ധിച്ച്.**

ആദിവാസി ജനസമൂഹമായ മുതുവാൻ വിഭാഗത്തിൽപെട്ട ക്രിസ്തുമതം സ്വീകരിച്ച ഹർജിക്കാരന് (ശ്രീ. ബെന്നി ചന്ദ്രൻ, കുറത്തിക്കുടി ട്രൈബൽ സെറ്റിൽമെന്റ്, മാങ്കുളം പി.ഒ, ഇടുക്കി ജില്ല) ക്രിസ്ത്യൻ മുതുവാൻ എന്ന് രേഖപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഹർജിയിലെ (എം.സി.ഒപി നം. 130/2020) ആവശ്യം.

കിർത്താഡ്സ് ഡയറക്ടർ, ഇടുക്കി ജില്ലാ കളക്ടർ എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, പട്ടികവർഗ്ഗത്തിൽപ്പെടുന്ന ഒരു വ്യക്തി ക്രിസ്തു മതം സ്വീകരിച്ചാൽ ആ വ്യക്തിയുടെ പട്ടിക വർഗ്ഗ അവകാശം ഇല്ലാതാകുന്നില്ല എന്നുള്ളതിനാൽ പട്ടിക വർഗ്ഗ മുതുവാൻ വിഭാഗത്തിൽ ഉൾപ്പെട്ടവർ ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തുവെന്ന് കാണിക്കുന്ന രേഖകൾ ഹാജരാക്കുന്ന പക്ഷം അന്വേഷണം നടത്തി ക്രിസ്ത്യൻ-പട്ടികവർഗ്ഗ-മുതുവാൻ സർട്ടിഫിക്കറ്റ് നൽകേണ്ടത് ന്യായമാണെന്നും ഇക്കാര്യം സർക്കാർ സജീവമായി പരിഗണിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവായി.

**5.3.10 വസ്തുതർക്കവും അതിൻമേലുണ്ടായ കേസുകളിൻമേലും നിഷ്പക്ഷമായ അന്വേഷണം നടത്തണം എന്ന ആവശ്യം സംബന്ധിച്ച്.**

ഹർജിക്കാരൻ ടിയാൾക്ക് അനുഭവിക്കേണ്ടി വന്ന നിരവധി പ്രശ്നങ്ങളെ സംബന്ധിച്ച് കൊടുത്ത പരാതികളിലൊന്നും പോലീസ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതിനാൽ കമ്മീഷൻ നേരിട്ട് അന്വേഷിക്കണമെന്നും, മനുഷ്യാവകാശ കമ്മീഷന്റെ വിധി നടപ്പിലാക്കണമെന്നും, സബ്ബ് ഡിവിഷൻ നമ്പരും തണ്ടപേരും മാത്രമായി കിടക്കുന്ന ടിയാളുടെ പുരയിടം അളന്ന് തിട്ടപ്പെടുത്തി പ്ലാൻ ഉണ്ടാക്കി നൽകുവാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുക്കണമെന്നും മറ്റുള്ള ആവശ്യങ്ങളാണ് എം.സി.ഒപി 132/2021 നമ്പർ ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്. ഹർജിയിലെ ആവശ്യങ്ങൾ ഗൗരവസ്വഭാവത്തിലുള്ളതാകയാൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിലെ ആരോപണങ്ങളെപ്പറ്റി ഇടുക്കി ജില്ലയ്ക്ക് പുറത്തുള്ള എസ്.പി. റാങ്കിലുള്ള ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെ കൊണ്ട് നേരിട്ട് അന്വേഷണം നടത്തി മൂന്ന് മാസത്തിനുള്ളിൽ വിശദമായ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകി ഉത്തരവായി.

**5.3.11 പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും എടുത്ത വായ്പയ്ക്ക് റിസ്ക്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

പരാതിക്കാരനായ തൃശൂർ വരന്തരപ്പിള്ളി ദേശത്ത് പെല്ലിശേരി ദേവസ്സി മകൻ ശ്രീ. ജോർജ്ജ്, ചാലക്കുടി താലൂക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും 2013-ൽ രണ്ടുലക്ഷം രൂപ വായ്പ എടുത്ത് തവണ തെറ്റാതെ അടച്ചു വരികയായിരുന്നുവെന്നും എന്നാൽ അംഗപരിമിതനായ ഇദ്ദേഹത്തിന് 2015 കാലഘട്ടത്തിൽ പെട്ടെന്നുണ്ടായ അസുഖത്തെ തുടർന്ന് വായ്പ തിരിച്ചടയ്ക്കാൻ ഒരു മാർഗ്ഗവും ഇല്ലാതായെന്നും ആയതിനാൽ റിസ്ക് ഫണ്ടിന്റെ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി കമ്മീഷൻ ഇടപെടണമെന്നുമാണ് ഹർജിയിൽ (എം.സി.ഒ.പി നം.66/2021) ആവശ്യപ്പെട്ടിരുന്നത്.

ഇതുമായി ബന്ധപ്പെട്ട് ചാലക്കുടി താലൂക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരൻ 2013-ൽ രണ്ടുലക്ഷം രൂപ വായ്പയെടുത്തുവെന്നും ഇപ്പോൾ വായ്പ ബാക്കിയായി 96,722 രൂപ ഉണ്ടെന്നും 02.11.2017-ൽ ടിയാൻ കേരള സഹകരണ ക്ഷേമനിധി ബോർഡ് റിസ്ക് ഫണ്ട് ചികിത്സാസഹായത്തിന് അപേക്ഷ നൽകിയിരുന്നുവെന്നും വായ്പാകാലാവധി അവസാനിക്കുമ്പോൾ 79 വയസ് അധികരിക്കുന്നതായി കണ്ടതിനെത്തുടർന്ന് അപേക്ഷ മടക്കുകയും ചെയ്തിട്ടുണ്ടെന്നും വായ്പാ കാലാവധി അവസാനിക്കുമ്പോൾ 70 വയസ് അധികരിക്കാത്ത വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് ചികിത്സാധനസഹായത്തിന് അർഹതയുള്ളതെന്നും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്നും അറിയിക്കുകയുണ്ടായി.

ഹർജിക്കാരന്റെ ദയനീയവും അനുകമ്പാർഹവുമായ (Compassionate Ground) സാഹചര്യം കണക്കിലെടുത്ത് റിസ്ക് ഫണ്ട് മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഹർജിക്കാരന് റിസ്ക് ഫണ്ട് ചികിത്സാ ധനസഹായം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനോട് ശിപാർശ ചെയ്തു കമ്മീഷൻ ഉത്തരവായി.

**5.3.12 മുൻകൂർ ജാമ്യം ഉണ്ടായിരുന്നിട്ടും പോലീസ് മർദ്ദിച്ചു എന്ന പരാതി സംബന്ധിച്ച്.**

ന്യൂനപക്ഷ വിഭാഗത്തിൽപെട്ട ഹർജിക്കാരിയുടെ മക്കളായ ബിലാൽ, അബ്ദുറഹ്മാൻ എന്നിവരെ 24.08.2020-ന് വീട്ടിൽ നിന്നും പാലക്കാട് ടൗൺ നോർത്ത് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ സുധീഷ്കുമാറിന്റെ നേതൃത്വത്തിൽ കസ്റ്റഡിയിൽ എടുത്ത് ലോക്കപ്പിൽ വെച്ച് കഠിനമായി പീഡിപ്പിച്ചുവെന്നും മുൻകൂർ ജാമ്യം ഉണ്ടായിട്ടും അബ്ദുറഹ്മാനെ വിട്ടയയ്ക്കാൻ പോലീസ് കൂട്ടാക്കിയില്ല എന്നും ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ നടപടി എടുക്കണമെന്നുമാണ് പാലക്കാട് കൽപ്പാത്തി ശംഖുവരമേട് മച്ചാം തോട്ടിൽ ശ്രീമതി ഹാജിറ നൽകിയ പരാതിയിലെ (എം.സി.ഒ.പി.നം.110/2020) ആവശ്യം.

ഇക്കാര്യത്തിൽ ഇന്റലിജൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ബന്ധുക്കൾ മുൻകൂർ ജാമ്യം ഹാജരാക്കിയതിനെ തുടർന്ന് 19 വയസ്സുള്ള അബ്ദു റഹിമാനെ വിട്ടയച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്. പാലക്കാട് സെഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചു വിട്ട അബ്ദുറഹിമാനെ അറസ്റ്റു ചെയ്തു പോലീസ് സ്റ്റേഷനിൽ പാർപ്പിച്ചുവെന്നത് ശരിയായ നപടപടി അല്ല എന്ന് കമ്മീഷൻ വിലിയിരുത്തി. ഈ സാഹചര്യത്തിൽ, 19 വയസ്സുകാരനായ അബ്ദുറഹിമാൻ എന്ന യുവാവിനെ, പാലക്കാട് ജില്ലാ സെഷൻസ് കോടതി

യിൽ നിന്നും മുൻകൂർ ജാമ്യം ലഭിച്ചിട്ടും, ഒരു ദിവസം കസ്റ്റഡിയിൽ വെയ്ക്കുകയും ബഹു. സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടാതിരിക്കുകയും ചെയ്തുവെന്ന കാര്യത്തിന് സംസ്ഥാന പോലീസ് മേധാവി പാലക്കാട് ജില്ലയ്ക്ക് പുറത്തുള്ള എസ്.പി. റാങ്കിൽ കുറയാത്ത ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തി സത്യസന്ധവും വിശദവുമായ ഒരു റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ രണ്ടുമാസത്തിനകം സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് ഉത്തരവായി.

**5.3.13 റവന്യൂ ഡിവിഷണൽ ഓഫീസിലെ ജീവനക്കാർ പൊതുപ്രവർത്തകനോട് അപമര്യാദയായി പെരുമാറി എന്ന പരാതി സംബന്ധിച്ച്.**

കാസർഗോഡ് ബദിര വിദ്യാനഗർ ചുടുവളപ്പ് യാത്രീബ് മൻസിലിൽ ശ്രീ. അബ്ദുൾ ഹമീദ് സി.ഐ എന്നയാൾ കമ്മീഷനിൽ നൽകിയ പരാതിയിൽ (എം.സി.ഒ.പി നം.294/2019) കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസിലെ കൈക്കൂലി വിഷയം അറിഞ്ഞ് അവിടെ എത്തിയ പൊതുപ്രവർത്തകനായ ഹർജിക്കാരനെ സർക്കാർ ഉദ്യോഗസ്ഥരായ എതൃകക്ഷികൾ മർദ്ദിക്കുകയും ടി ആക്രമണത്തിൽ ഹർജിക്കാരന് ദേഹാസ്വാസ്ഥ്യമുണ്ടാവുകയും ചെയ്തുവെന്നും സർക്കാർ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന്റെ പേരിൽ കേസ്സെടുപ്പിക്കുമെന്ന് എതൃകക്ഷികൾ ഭീഷണിപ്പെടുത്തിയെന്നും ഇക്കാര്യത്തിൽ കമ്മീഷൻ ഇടപെട്ട് നീതി ലഭ്യമാക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്.

കാസർഗോഡ് പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ മുഖേന അന്വേഷണം നടത്തി ജില്ലാ പോലീസ് മേധാവി ഈ വിഷയത്തിൽ ഹാജരാക്കിയ റിപ്പോർട്ട് ഏകപക്ഷീയമാണെന്ന് ബോധ്യപ്പെട്ടതിനാൽ, ജില്ലയിലെ ഏതെങ്കിലും സ്പെഷ്യൽ സെല്ലിലെ ഡിവൈ.എസ്.പി. റാങ്കിൽ കുറയാത്ത ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് ഹർജി വിഷയത്തിൽ സത്യസന്ധവും നീതിപൂർവ്വവുമായ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് മൂന്നുമാസത്തിനുള്ളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുവാൻ കാസർഗോഡ് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി ഉത്തരവായി.

**5.3.14 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രതികാര നടപടി മൂലം ഉണ്ടായ കഷ്ടനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം തേടുന്നത് സംബന്ധിച്ച്.**

കൊല്ലം മുളവന കോട്ടപ്പുറം സുരേഷ് ഭവനിൽ ശ്രീമതി സുനിമോൾ ജെ കമ്മീഷനിൽ നൽകിയ ഹർജിയിൽ, (എം.സി.ഒ.പി നം.190/2019) ടിയാളുടെ കൊല്ലം കുണ്ടറ കൊടുവിള സെന്റ് ഫ്രാൻസിസ് യു.പി.എസിൽ എൽ.പി.എസ്.എ. തസ്തികയിൽ ലഭിച്ച നിയമനം കുണ്ടറ എ.ഇ.ഒ അനാവശ്യമായ തടസ്സവാദങ്ങൾ ഉയർത്തി അംഗീകാരം നിരസിച്ചു എന്നും പിന്നീട് അപ്പീലിൽ നിയമനം അംഗീകരിക്കാൻ നിർദ്ദേശം ഉണ്ടായി എങ്കിലും ഉത്തരവുകൾ അനുസരിക്കാൻ വിമുഖത കാട്ടുകയും ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശവും പാലിച്ചില്ല എന്നും, തുടർന്ന് ബഹു. ഹൈക്കോടതിയുടെ ഇടപെടൽ മുഖേനയാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിച്ചതെന്നും ഇത്തരത്തിൽ തന്നെ മാനസികമായും ഔദ്യോഗികമായും വളരെയേറെ ബുദ്ധിമുട്ടിച്ച വിദ്യാഭ്യാസ ഓഫീസർമാർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്നും അനുഭവിച്ച പീഡനങ്ങൾക്ക് പ്രതീകാത്മകമായി ഒരു ലക്ഷം രൂപ നഷ്ടപരിഹാരമായി ഈടാക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്.

ഹർജിയുമായി ബന്ധപ്പെട്ടവർ നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയുന്ന നിഗമനത്തിലെത്തുകയുണ്ടായി. നീണ്ടകാലത്തെ നിയമപോരാട്ടത്തിനൊടുവിൽ ഹർജിക്കാരിക്ക് തന്റെ നിയമനം ക്രമീകരിച്ച് കിട്ടിയിട്ടുള്ളതും ഹർജി സംഗതി തീർപ്പായിട്ടുള്ളതുമാണ്. ഹർജിക്കാരി ഉന്നയിച്ച ആക്ഷേപങ്ങൾ കഴമ്പുള്ളതാണ്. ഹർജിക്കാരിക്ക് നിയമപരമായും അവകാശപരമായും ലഭിക്കേണ്ട അവകാശങ്ങൾ പലതും സാങ്കേതികത്വത്തിന്റെ പേരിൽ നിഷേധിക്കുകയോ നീട്ടിക്കൊണ്ടുപോവുകയോ ചെയ്തിട്ടുള്ളതായി കാണുന്നു. സർക്കാർ ഉത്തരവുണ്ടായിട്ടും കാലതാമസം വരുത്തിയ കാര്യത്തിൽ ശിക്ഷാനടപടികളും അച്ചടക്ക നടപടികളും നിർദ്ദേശിച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ ഒരാൾ ഒഴികെ മറ്റെല്ലാവരും സ്ഥലംമാറി പോവുകയോ സർവ്വീസിൽ നിന്ന് വിരമിക്കുകയോ ചെയ്തിട്ടുള്ളതിനാൽ നടപടി എടുത്തതായി കാണുന്നില്ല. മാത്രവുമല്ല, വിദ്യാഭ്യാസ വകുപ്പിലെ വിജിലൻസ് വിഭാഗം ഇക്കാര്യം അന്വേഷിക്കുന്നതായും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഹർജിക്കാരിയുടെ നിയമനാംഗീകാരം വൈകിപ്പിക്കുകയും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ടിയാരിക്ക് സമയത്തു ലഭിക്കേണ്ട നീതി നിഷേധിക്കുകയും ചെയ്ത കാര്യത്തിൽ വ്യക്തവും വിശദവുമായ അന്വേഷണം നടത്തി ബ്യൂറോക്രസിയെക്കുറിച്ചുള്ള ചീത്തപ്പേര് ഒഴിവാക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഹർജിക്കാരിക്ക് ലഭിക്കേണ്ട അവകാശങ്ങളെല്ലാം കുറച്ചു വൈകിയാണെങ്കിലും ലഭിച്ചതിനാൽ നഷ്ടപരിഹാരം നൽകേണ്ടതില്ല.

ആയതിനാൽ ഹർജിക്കാരിയുടെ നിയമനാംഗീകാരം സാങ്കേതികത്വങ്ങൾ പറഞ്ഞ് വൈകിപ്പിക്കുകയും സർക്കാരിന്റെയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടേയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടേയും നിർദ്ദേശങ്ങളും ഉത്തരവുകളും സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറോട് കമ്മീഷൻ ശിപാർശ ചെയ്തു.

**5.3.15 ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട നിരാലംബയായ സ്ത്രീയ്ക്ക് സർക്കാരിൽ നിന്നും വീട് ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

കൊല്ലം പട്ടത്താനം വിമലാംബിക കോട്ടേജിൽ താമസിക്കുന്ന ലത്തീൻ കത്തോലിക്ക സമുദായത്തിൽപ്പെട്ട ശ്രീമതി വിജി.വി എന്ന നിരാലംബയ്ക്ക് സർക്കാരിൽ നിന്നും വീട് ലഭിക്കുന്നതിന് വേണ്ട നടപടികളെടുക്കണമെന്നാണ് (എം.സി.ഒ.പി.നം. 259/2019) കമ്മീഷനോട് അപേക്ഷിച്ചത്.

കൊല്ലം ജില്ലാ കളക്ടർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ 2018-19 ന് ശേഷം എല്ലാ ഭവന നിർമ്മാണ പദ്ധതികളും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാൽ പരാതി കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ പരാതിക്കാരിയായ ശ്രീമതി വിജി കൊല്ലം കോർപ്പറേഷനിൽ യാതൊരു പരാതിയും നൽകിയിട്ടില്ലായെന്നും ലൈഫ് 2020 പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നും വസ്തു ഇല്ലാ എന്നുള്ള സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നീ രേഖകളുമായി അക്ഷയകേന്ദ്രം മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിച്ചാൽ ഭൂരഹിത ഭവനരഹിത പദ്ധതിയിൽ ഉൾപ്പെടുത്തി പാർപ്പിട സമുച്ചയം പദ്ധതി ആരംഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാമെന്നും കൂടാതെ ഭൂരഹിതഭവനരഹിതർക്കായി ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി തയ്യാറാക്കി വരുന്നുണ്ടെന്നും 2021-22 വർഷത്തെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനനുസരിച്ച് ടിയാരിയെ മുൻഗണനാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കാൻ കഴിയുന്നതാണെന്നും ബോധിപ്പിച്ചു.

ഹർജിക്കാരിയുടെ അത്യന്തം ദയനീയമായ അവസ്ഥ കണക്കിലെടുത്ത് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അനുകമ്പാർഹമായ (Compassionate Ground) പരിഗണന നൽകി ഹർജിക്കാരിയുടെ അപേക്ഷ പരിഗണിക്കണമെന്നും, ജില്ലാ കളക്ടർ ഇക്കാര്യത്തിൽ പ്രത്യേക മേൽനോട്ടം വഹിക്കണമെന്നും നിർദ്ദേശിച്ച് കമ്മീഷൻ ഉത്തരവായി.

**5.4 കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗുകൾ**

കമ്മീഷന് ലഭിച്ച പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തി പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിനായി റിപ്പോർട്ട് കാലയളവിൽ വിവിധ ജില്ലകളിലായി 4 ക്യാമ്പ് സിറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കോവിഡ്-19 ന്റെ നിയന്ത്രണങ്ങൾ ബാധകമായതിനാൽ കൂടുതൽ സിറ്റിംഗുകൾ സാദ്ധ്യമായിട്ടില്ല. എന്നാൽ ബന്ധപ്പെട്ട കക്ഷികളുമായി വീഡിയോകോൾ മുഖേന കേസുകളിൽ വിചാരണ നടത്തിയിട്ടുള്ളതുമാണ്. സിറ്റിംഗുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ജില്ലാ | സിറ്റിംഗുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | - |
| കൊല്ലം | 2 |
| ആലപ്പുഴ, പത്തനംതിട്ട മേഖലകൾ | - |
| കോട്ടയം, ഇടുക്കി മേഖലകൾ | - |
| എറണാകുളം | - |
| തൃശൂർ, പാലക്കാട് മേഖലകൾ | 2 |
| മലപ്പുറം | - |
| കോഴിക്കോട്, വയനാട്, | - |
| കണ്ണൂർ, കാസർഗോഡ് മേഖലകൾ | - |
| **ആകെ** | **4** |

### 5.5 കമ്മീഷൻ നടത്തിയ സെമിനാറുകൾ, മീറ്റിംഗുകൾ

ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുകയും സെമിനാറുകൾ, സിമ്പോസിയം, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക എന്നത് കമ്മീഷന്റെ ചുമതലയിൽപ്പെട്ടതാണ്. കോവിഡ് 19 നിയന്ത്രണങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തൃശൂർ, മലപ്പുറം, ജില്ലകളിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി സെമിനാറുകൾ നടത്തുകയുണ്ടായി.

**കമ്മീഷൻ നടത്തിയ സെമിനാറുകൾ**

| ജില്ല | തീയതി |
|---|---|
| മലപ്പുറം | 24.03.2022 |
| തൃശൂർ | 30.03.2022 |

### 5.6 കമ്മീഷൻ നടത്തിയ സ്ഥലസന്ദർശനങ്ങളും റിപ്പോർട്ടുകളും

ഹർജിക്കാരൻ (എം.സി.ഒ.പി നം. 84/2021, ശ്രീ.സോളമൻ. എസ്, സിത്താര, റെയിൽവേ ഓവർ ബ്രിഡ്ജിന് സമീപം, ശിവാജി ഐ.റ്റി.സി റോഡ്, ഇടിച്ചക്കപ്ലാമൂട്, പാറശാല പി.ഒ തിരുവനന്തപുരം) സമർപ്പിച്ച പരാതിയിലെ അക്ഷേപം പരിഹരിക്കുന്നതിന്റെ ഭാഗമായി ആരോപണങ്ങളുടെ സത്യാവസ്ഥ മനസിലാക്കുന്നതിന് 2022 ജനുവരി മാസം 13-ാം തീയതി കമ്മീഷൻ തർക്കസ്ഥലമായ പാറശാല പഞ്ചായത്തിലെ ഇടിച്ചക്കപ്ലാമൂട്ടിൽ സന്ദർശനം നടത്തുകയുണ്ടായി. ഹർജിക്കാരനും എതിർകക്ഷിയും സ്ഥലവാസികളും പാറശാല പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും തദവസരത്തിൽ സന്നിഹിതരായിരുന്നു. തുടർന്ന് സ്ഥലത്ത് വെച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തർക്കം പരിഹരിക്കുന്നതിനായി പഞ്ചായത്ത് ആക്ടും ചട്ടങ്ങളും പ്രകാരം ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ പാറശാല പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശം നൽകി ഹർജി തീർപ്പാക്കുകയുണ്ടായി.

### 5.7 ആഘോഷ പരിപാടികൾ

**ന്യൂനപക്ഷ ദിനാചരണം**

1992 ഡിസംബർ 18-ലെ ഐക്യരാഷ്ട്ര സഭയുടെ ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനം ആഗോളതലത്തിൽ ശ്രദ്ധേയമാണ്. അതിനെതുടർന്ന് എല്ലാ വർഷവും അന്നേദിവസം ദേശീയ ന്യൂനപക്ഷ ദിനമായി ആചരിച്ചുവരുന്നു.

കോവിഡ് 19 നിയന്ത്രണങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ന്യൂനപക്ഷ ദിനം ഡിസംബർ 18-ന് കമ്മീഷൻ ഓഫീസിൽ വച്ച് വിപുലമായി ആഘോഷിച്ചിട്ടുള്ളതാണ്. ചുവടെ പ്രതിപാദിക്കുന്ന മറ്റ് വിശേഷ ദിവസങ്ങളും റിപ്പോർട്ട് കാലയളവിൽ ആചരിച്ചിട്ടുണ്ട്.

**പട്ടിക 6**

| | | |
|---|---|---|
| 1 | ഭീകര വിരുദ്ധ ദിനം | 21.05.2021 |
| 2 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ വാർഷികം | 10.06.2021 |
| 3 | സ്വാതന്ത്ര്യദിനം | 15.08.2021 |
| 4 | മനുഷ്യാവകാശ ദിനം | 10.12.2021 |
| 5 | റിപ്പബ്ലിക് ദിനം | 26.01.2022 |
| 6 | രക്തസാക്ഷിദിനം | 30.01.2022 |

### അദ്ധ്യായം 6

## കോടതികളിലോ ട്രൈബ്യൂണലുകളിലോ കമ്മീഷനോ / കമ്മീഷനെതിരായോ ഫയൽ ചെയ്ത കേസുകൾ

| | |
|---|---|
| കമ്മീഷൻ ഫയൽ ചെയ്ത കേസുകൾ | ഇല്ല |
| കമ്മീഷനെതിരെ ഫയൽ ചെയ്ത കേസുകൾ | ഇല്ല |

## അദ്ധ്യായം 7
## മറ്റ് പ്രസക്ത വിവരം

### വിവരാവകാശനിയമ പ്രകാരമുള്ള നടപടികൾ

വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ പ്രസ്തുത നിയമം അനുശാസിക്കുന്ന വിധം നടപടി സ്വീകരിക്കുന്നുണ്ട്. റിപ്പോർട്ട് വർഷത്തിൽ വിവരാവകാശ നിയമപ്രകാരം 23 അപേക്ഷകൾ കമ്മീഷനിൽ ലഭിക്കുകയും അതിൽ യഥാവിധി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് കാലയളവിൽ ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥരെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ (സെക്ഷൻ ഓഫീസർ) | 1. ശ്രീ. അരുൺ എം.എസ് (1/04/2021 മുതൽ 22/07/2021 വരെ)<br>2. ശ്രീ. നൗഷാദ്. എം (06/09/2021 മുതൽ) |
| 2 | സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ (ഫിനാൻസ് ഓഫീസർ) | ശ്രീമതി. തുഷാര ജോർജ്ജ് |
| 3 | അപ്പീൽ അധികാരി (രജിസ്ട്രാർ) | 1. ശ്രീ.അബ്ദുൾ മജീദ് കക്കോട്ടിൽ (1.04.2020 മുതൽ 28.06.2021 വരെ)<br>2. ശ്രീ. ദിലീപ് കുമാർ ടി.ഐ (29.06.2021 മുതൽ 02.03.2022 വരെ)<br>3. ശ്രീ. സുരേഷ് കുമാർ.എസ് (3.3.2022 മുതൽ തുടരുന്നു) |

## അദ്ധ്യായം 8
## ഉപസംഹാരം

കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടിയാണ് ന്യൂനപക്ഷ കമ്മീഷൻ പ്രവർത്തിക്കുന്നത്. ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരം കമ്മീഷൻ നിർവ്വഹിക്കേണ്ട ചുമതലകൾ നിറവേറ്റുന്നതിനായി കമ്മീഷൻ പ്രത്യേകം ശ്രദ്ധിക്കുന്നു. പ്രത്യേകിച്ച് ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ കമ്മീഷൻ അടിയന്തിരമായി അന്വേഷണം നടത്തി പരിഹാര നടപടികൾ നിർദ്ദേശിച്ചുവരുന്നു.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലും കമ്മീഷന്റെ മേൽപറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ട് കാലയളവിൽ ഓൺലൈൻ മുഖേനയും നേരിട്ടും കമ്മീഷൻ സിറ്റിംഗുകൾ നടത്തിയും 141 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളും സംരക്ഷണവ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള നിരവധി പരാതികളിൽ കമ്മീഷന്റെ ഇടപെടൽ കൊണ്ട് പരിഹാരം ഉണ്ടായിട്ടുണ്ട്. കൂടാതെ കേരളത്തിലെ വിവിധ ജില്ലകളിൽ ന്യൂനപക്ഷങ്ങൾക്കായി റിപ്പോർട്ട് കാലയളവിൽ 2 സെമിനാറുകളും 4 സിറ്റിംഗുകളും സംഘടിപ്പിച്ചു.

2013-ൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വരികയും 21.10.2020-ലെ സ.ഉ.(അ) നം.14/2020/പൊ.ഭ.വ.(എസ്.ആർ.ഒ.നം.771/2020) പ്രകാരം 2013 മേയ് 15-ാം തീയതി പ്രാബല്യത്തിൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് തിരുവനന്തപുരത്തെ ശാസ്തമംഗലത്തുള്ള ആസ്ഥാന മന്ദിരമല്ലാതെ സംസ്ഥാനത്ത് മറ്റ് ഓഫീസുകൾ ഒന്നുംതന്നെയില്ല. മാത്രമല്ല വളരെ കുറഞ്ഞ സ്റ്റാഫ് അംഗങ്ങൾ മാത്രമാണ് കമ്മീഷനിലുള്ളത്. സർക്കാർ ഓരോവർഷവും ബജറ്റിലൂടെ അനുവദിക്കുന്ന പരിമിതമായ ഗ്രാന്റ് ഇൻ എയ്ഡ് മാത്രമാണ് ഏക സാമ്പത്തിക സ്രോതസ്സ്. കമ്മീഷൻ ഓഫീസിൽ ഒരു റിസർച്ച് ഓഫീസർ, പബ്ലിക് റിലേഷൻ ഓഫീസർ എന്നീ തസ്തികകളുടെ അഭാവം ഉണ്ട്. കൂടാതെ കമ്മീഷൻ ഓഫീസിൽ ടൈപ്പിസ്റ്റിന്റെ തസ്തികകൾ അനുവദിച്ചു നൽകിയിട്ടില്ലാത്തതിനാൽ ടൈപ്പിംഗ് സംബന്ധമായ ജോലികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്.

ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരമുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്നതിനായി വേണ്ടി വരുന്ന തുക ഗ്രാന്റായി സർക്കാർ കമ്മീഷന് നൽകുന്നു. എന്നാൽ സർക്കാർ അനുവദിക്കുന്ന തുക വളരെ പരിമിതമാണ്. ആയതിനാൽ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ തുക ഗ്രാന്റായി കമ്മീഷന് ബജറ്റ് വിഹിതത്തിൽ വർദ്ധനവ് നൽകേണ്ടതുണ്ട്. കേരളത്തിലെ 14 ജില്ലകളിലും കമ്മീഷൻ ക്യാമ്പ് സിറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്.

പരിമിതമായ ഭൗതികസാഹചര്യങ്ങളാണ് ഇപ്പോൾ കമ്മീഷന് ഉള്ളതെങ്കിലും ന്യൂനപക്ഷങ്ങളുടെ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി സാദ്ധ്യമാകുന്നതെല്ലാം കമ്മീഷൻ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. വരുംകാലങ്ങളിലും അത്തരം കാര്യങ്ങൾ പരമാവധി തുടരുന്നതായിരിക്കും.

(ഒപ്പ്)
**പി.കെ ഹനീഫ**
ചെയർമാൻ

(ഒപ്പ്)
**അഡ്വ. ബിന്ദു.എം തോമസ്**
മെമ്പർ

(ഒപ്പ്)
**അഡ്വ. മുഹമ്മദ് ഫൈസൽ**
മെമ്പർ

(ഒപ്പ്)
**ദേവി എൽ. ആർ**
മെമ്പർ സെക്രട്ടറി